യപൂർവ്വം സൂചിപ്പിച്ചുകൊണ്ട് ഞാൻ തൽക്കാലം എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.(ചർച്ച തുടരും)

XI. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(1) ദി കേരള സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ 1999†

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച നടക്കുന്ന ഈ ദിവസമാണ് വളരെയേറെ പ്രധാനപ്പെട്ട എന്റെ ബില്ലിന്റെ ചർച്ച തുടരുന്നത്. ഇവിടെ സ്വകാര്യ മെമ്പർമാരുടെ ബില്ലുകളൊക്കെ അവതരിപ്പിക്കുമ്പോൾ കാണുന്ന ഒരു പ്രത്യേകത ചുണ്ടിൽ തിരുകിവച്ച മറുപടിയുമായിട്ടാണ് ഓരോ മന്ത്രിമാരും സീറ്റിലിരിക്കുന്നത്. എന്താണ് മറുപടി പറയേണ്ടതെന്ന് ആദ്യം തീരുമാനിച്ചുകൊണ്ടു തന്നെ വന്നിരിക്കുകയാണ്. ഇതൊരു നടപടി ക്രമമായി, ആദ്യം ഒരു ദിവസം അവതരണാനുമതി തേടുന്നു പിന്നീട് ചർച്ച ചെയ്യുന്നു. ഞങ്ങൾ ഒരു ബിൽ അവതരിപ്പിച്ചാൽ ആ ബിൽ പിന്നീട് തുടർ ചർച്ചയ്ക്കുവരാൻ നറുക്കുവീണ് ചിലപ്പോൾ മാസങ്ങളോളമെടുക്കും. ഈ മന്ത്രിമാർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ എന്തുകൊണ്ട് ഈ സ്വകാര്യബിൽ അവതരിപ്പിക്കുന്ന അംഗവുമായി, ഇങ്ങനെ മൂന്നോ നാലോ മാസം കിട്ടുമ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല? നമ്മുടെ മന്ത്രിമാർ വല്ലാത്ത ധാർഷ്ഠ്യത്തോടുകൂടിയാണ് ഈ പ്രശ്നങ്ങളെയെല്ലാം സമീപിക്കുന്നത് എന്നാണ് എന്റെ അഭിപ്രായം. എന്നുവച്ചാൽ ഞങ്ങൾ ഇതിനെല്ലാം തികഞ്ഞ ആളുകൾ, ഞങ്ങൾ ചെയ്യുന്നതെല്ലാം ശരി എന്നുള്ള ഒരു ഭാവത്തിൽ, ഒരിക്കലും ഞങ്ങൾക്ക് തെറ്റുപറ്റുകയില്ലെന്നുള്ള ഒരു മനോഭാവത്തിൽ ഈ പ്രശ്നങ്ങളെയൊക്കെ വീക്ഷിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ദി കേരളാ സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ, 1999-നെക്കുറിച്ചുള്ള എന്റെ ചർച്ച ഞാൻ തുടരുകയാണ്. ഈ ബില്ലിന് ഞാൻ അവതരണാനുമതി തേടിയപ്പോൾ എൻട്രൻസ് പരീക്ഷകളും വാല്യൂവേഷനും കുറ്റമറ്റതാണെന്നും ഈ ബിൽ പരിഗണിക്കേണ്ടതില്ലെന്നുമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി അന്ന് മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകളിൽ എനിക്ക് പൂർണ്ണമായ തൃപ്തിയില്ല, വിശ്വാസമില്ല. അതിൽ പ്രതിഷേധമുള്ളതുകൊണ്ടുതന്നെയാണ് ഞാൻ ഈ ചർച്ചയുമായി മുൻപോട്ടു പോകുന്നത്. ഈ ചർച്ചയിലൂടെ ബഹുമാനപ്പെട്ട മന്ത്രിയെ കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അദ്ദേഹം ഈ ബിൽ അംഗീകരിക്കാൻ തയ്യാറാകുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. പാലോട് രവി : സർ, ജവഹർലാൽ നെഹ്റുവിന്റെ മുഖത്തു നോക്കി ടി.ടി. കൃഷ്ണമാചാരിക്കെതിരെ ആരോപണമുന്നയിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റിൽ ഫിറോസ് ഗാന്ധി തന്റെ പ്രസംഗം അവസാനിപ്പിച്ചു. അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഒരു ഉറുദു കവിത പറഞ്ഞുകൊണ്ടായിരു

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

ന്നു. ആരുടെയെങ്കിലും കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ വീഴ്ത്താൻ ആഗ്രഹിക്കാതെ, ആ കണ്ണുനീർത്തുള്ളികൾ ആരുടെയെങ്കിലും ബട്ടൺ ഹോളിലിരിക്കുന്ന ആ ചുവന്ന റോസാദളങ്ങളിൽ വീഴാൻ ആഗ്രഹിക്കാതെ, പറയാനുള്ള കാര്യങ്ങൾ പറയാനുള്ള വേദിയിൽ പറയേണ്ട രീതിയിൽ ഞാൻ പറഞ്ഞിരിക്കുന്നു, മാപ്പ് കിജിയേ' എന്നു പറഞ്ഞുകൊണ്ടാണ് ടി.ടി. കൃഷ്ണമാചാരിക്കെതിരെ ഫിറോസ് ഗാന്ധി ആരോപണം ഉന്നയിച്ചിരിക്കുന്നത്. അങ്ങനെയാണ് പ്രസംഗം അവസാനിച്ചിരിക്കുന്നത്. ജവഹർലാൽ നെഹ്റു ആദ്യം മുകളിലേക്ക് നോക്കി, രണ്ടാമത് ഫാനിലേക്കു നോക്കി, മൂന്നാമത് നെഹ്റു കുനിഞ്ഞിരുന്നു എന്നാണ് പത്രം റിപ്പോർട്ട് ചെയ്തത് അങ്ങയ്ക്ക് ഇത് ആവർത്തിച്ചുകൂടേ? അങ്ങയ്ക്ക് ഫിറോസ് ഗാന്ധിയുടെ സമീപനം സ്വീകരിച്ചുകൂടേ? ഇതുപോലെ പറയേണ്ട കാര്യങ്ങൾ പറയേണ്ട വേദിയിൽ പറയുന്നതിന് അങ്ങെന്തിന് അറച്ചുനിൽക്കുന്നു?

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ശ്രീ. പാലോട് രവി പറഞ്ഞ കേസ് മുണ്ടറ കേസാണ്. മുണ്ടറ കേസിൽ വലിയ അഴിമതിയാരോപണമുന്നയിച്ചുകൊണ്ട് സ്വന്തം പാർട്ടിയിലെ നേതാവിനെതിരായി, മന്ത്രിക്കെതിരായിട്ടാണ് ഫിറോസ് ഗാന്ധി ആരോപണം കൊണ്ടുവന്നത്. ഇവിടെ ഈ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലും മുണ്ടറ കേസും തമ്മിലെന്താണ് ബന്ധം?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഈ ചർച്ചകളുമായി എന്റെ ബില്ലിന് ഒരു ബന്ധവുമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അന്ന് ഫിറോസ്ഗാന്ധി സഭയേയും രാജ്യത്തേയും നിശ്ചലമാക്കിയ ആ പ്രസംഗം നടത്തുമ്പോൾ ശിരസ്സ് കുനിഞ്ഞിരുന്ന് യാതൊരു ധാർഷ്ഠ്യവും കാണിക്കാതെ അസഹിഷ്ണുതനാകാതെ ആ പ്രസംഗം കേൾക്കാനുള്ള ഒരു പ്രധാനമന്ത്രി ഈ രാജ്യത്തുണ്ടായിരുന്നു. അത് ജവഹർലാൽ നെഹ്റുവാണ്. ഇവിടത്തെപ്പോലെ മന്ത്രിക്കുപകരം 'മ' എന്നു പറയുമ്പോൾ ചാടി എതിർക്കുന്ന, അസഹിഷ്ണുതനാകുന്ന, ധിക്കാരം കാണിക്കുന്ന മന്ത്രിമാരായിരുന്നില്ല, അന്നവിടെ ജവഹർലാൽ നെഹ്റുവായിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി അതുകൊണ്ടാണ് ഫിറോസ് ഗാന്ധിക്ക് അതുപറയാൻ കഴിഞ്ഞത്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട പി.പി. സുലൈമാൻ റാവുത്തർ വിഷയത്തിൽ നിന്നും വഴിതെറ്റിപ്പോകരുത്. അദ്ദേഹം പഠിച്ച് വളരെ ഗൗരവത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാനല്ല വഴി തെറ്റുന്നത്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി.പി. സുലൈമാൻ റാവുത്തർ പറഞ്ഞു, അദ്ദേഹമല്ല വഴി തെറ്റുന്നത്, അദ്ദേഹത്തെ വഴിതെറ്റിക്കാൻ ആരോ ശ്രമിക്കുകയാണെന്ന്. വഴിതെറ്റിക്കാൻ ശ്രമിക്കുന്നതാരാണെന്ന് ദയവായി വ്യക്തമാക്കാമോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ പറഞ്ഞത് ഞാനല്ല വഴി തെറ്റുന്നത്, എന്നോട് ചോദ്യം ചോദിക്കുന്നവരാണ് വഴി തെറ്റുന്നത് എന്നാണ്. മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കുവേണ്ടി പ്രവേശന പരീക്ഷ എഴുതുന്ന നിരവധി വിദ്യാർത്ഥികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ചാണ് ഞാൻ ഈ വിഷയം പഠിക്കുവാൻ തയ്യാറായതും ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചതും. സംസ്ഥാനത്ത് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രശ്നമാണത്. വളരെ മാസങ്ങളായി മാധ്യമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ പുതുമ നശിക്കാതെ ഈ പ്രശ്നം നിലനിൽക്കുന്നു. മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളുൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിലും അതുപോലുള്ള പ്രവേശന പരീക്ഷയുടേയും പ്രവേശനത്തിന്റേയും ചുമതല ഒരു പറ്റം ഇടത്തരം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചിരിക്കുകയാണ്. അഡ്മിഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു പരീക്ഷാ കൺട്രോളറും ഒരു ഫിനാൻഷ്യൽ അസിസ്റ്റന്റും രണ്ട് പ്രോഗ്രാം ഓഫീസർമാരും ഏതാനും ക്ലറിക്കൽ ജീവനക്കാരും, ശിപായി, വാച്ചർ, ഡ്രൈവറും ഉൾപ്പെടെ കേവലം 22 ജീവനക്കാർ മാത്രമുള്ള ഒരു ഓഫീസിലാണ് വളരെ ഉത്തരവാദിത്വമുള്ള ഒരു സംസ്ഥാനത്തെ അപൂർവ്വ പ്രതിഭകളുടെ ഭാവിയെ ബാധിക്കുന്ന ഈ ചുമതലകളെല്ലാം നിർവ്വഹിക്കുന്നത്. കോടിക്കണക്കിന് രൂപയാണ് സർക്കാർ പ്രവേശന പരീക്ഷ നടത്തുവാൻ വേണ്ടി ചെലവിടുന്നത്. ഇതിൽത്തന്നെ 50 ലക്ഷം രൂപ യാതൊരു ആഡിറ്റിംഗിനും വിധേയമല്ലാത്ത തുകയാണ്. ഇവിടെ വൻതുകകൾക്കുള്ള തിരിമറിക്കുള്ള സാധ്യത വളരെ കൂടുതലാണ്. വിദ്യാഭ്യാസ വിചക്ഷണൻമാരും പണ്ഡിതൻമാരും നേതൃത്വം നൽകുന്ന സർവ്വകലാശാലകൾ നിർവ്വഹിക്കുന്ന ജോലിയാണ് ഇവരും നിർവ്വഹിക്കുന്നത്. ഡോക്ടറേയും എഞ്ചിനീയറേയും നാം വാർത്തെടുക്കുന്നത് കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് തന്നെയാണ്. ഈ പ്രതിഭകൾ നമ്മുടെ നാടിന്റെ പുരോഗതിക്കും ആരോഗ്യകരമായ നിലനിൽപ്പിനും കാലം കനിഞ്ഞുനൽകിയ വരദാനങ്ങളാണ്. ഈ രംഗത്തു നടക്കുന്ന ചെറിയ വീഴ്ചപോലും നമ്മുടെ നാടിനെ പുറകോട്ടു വലിക്കുമെന്നും കീഴ്മേൽ മറിക്കുമെന്നുമുള്ള ആശങ്കയാണ് ഈ ബിൽ അവതരിപ്പിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രീ. പി.പി. സുലൈമാൻ റാവുത്തർ ഇവിടെ പറയുന്നത്. എൻട്രൻസ് എക്സാമിനേഷന്റെ നടത്തിപ്പിന്റെ മാത്രമല്ല, എൻട്രൻസിനുള്ള കോച്ചിംഗ് എന്ന പേരിൽ വളരെയേറെ ഭാരിച്ച ചെലവാണ് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. വലിയ ഫീസ് വാങ്ങിയിട്ടാണ് എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ ഇന്ന് പ്രവർത്തിക്കുന്നത്. നമ്മുടെ കോളേജുകളുടെ പഠനത്തെപ്പോലും വളരെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ ഈ കോച്ചിംഗ് സെന്ററുകൾ പാരലൽ സംവിധാനം പോലെ ഇന്ന് ചില പട്ടണങ്ങളിൽ പ്രവർത്തിക്കുകയാണ്. പ്രത്യേകിച്ചും തൃശ്ശൂർ പട്ടണത്തിൽ ഇത്തരം കോച്ചിംഗ് സെന്റർ പ്രവർത്തിക്കുന്നതിന്റെ ഫലമായി, മറ്റെല്ലാ ജില്ലകളിൽ നിന്നും അവിടെ കുട്ടികൾ വന്ന് പഠിക്കുന്നതിന്റെ ഫലമായി ഇന്ന് ആ ജില്ലയിലുള്ള കുട്ടികൾക്കുപോലും കോളേജുകളിൽ പ്രവേശനം കിട്ടാത്ത സ്ഥിതിവിശേഷം പോലുമുണ്ടായി. അങ്ങനെ വലിയൊരു കച്ചവടമായി എൻട്രൻസ് കോച്ചിംഗ് സെന്റേഴ്സ് മാറിക്കൊണ്ടിരിക്കുന്നത് താങ്കളുടെ ശ്രദ്ധയിൽ, അല്ലെങ്കിൽ ബില്ലിൽ അത് വരണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഈ കോച്ചിംഗ് സെന്ററുകളെക്കുറിച്ചുള്ള പരാമർശം വളരെ ശരിയാണ്. ഈ തട്ടിപ്പുമായി കൂടി ബന്ധപ്പെട്ട് അത് പ്രവർത്തിക്കുന്നു എന്നുള്ള അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. രണ്ടു പ്രശ്നങ്ങളാണ് ഇപ്പോൾ സജീവമായി ചർച്ചാവിഷയമായിട്ടുള്ളത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> ശ്രീ. പി.പി. സുലൈമാൻ റാവുത്തറുടെ ബില്ലിൽ ഈ പ്രൊവിഷൻ ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. കാളിഫൈയിംഗ് എക്സാമിനേഷന് കിട്ടുന്നമാർക്കുകൂടി ഒരു പെർസന്റേജായി എടു

LIBRARY ARCHIVES Kerala Legislative Assembly

ത്താൽ എൻട്രൻസിന്റെ രംഗത്ത് നടക്കുന്ന വെട്ടിപ്പ് കുറെ അവസാനിപ്പിക്കാൻ പറ്റും. അല്ലെങ്കിൽ ചൂഷണം തുടരുകതന്നെ ചെയ്യും. ഇപ്പോൾ കാളിഫൈയിംഗ് എക്സാമിനേഷന് മിനിമം മാർക്കുകിട്ടുന്ന കുട്ടികൾക്കൊക്കെ പോകാം. അവിടെ കിട്ടുന്ന അവരുടെ പെർഫോർമെൻസ്, അവർ വാങ്ങുന്ന മാർക്ക് അത് വളരെക്കാലമായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് പരിഗണിച്ചുകൊണ്ടു വന്ന ഒരു വിഷയമാണ്. ഇതിന്റെമേൽ ഗവൺമെന്റ് തീരുമാനമെടുക്കാതെ വൈകുന്നതാണ് ഇത്തരത്തിലുള്ള കുഴപ്പങ്ങൾക്ക് ഇടനൽകുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങയുടെ ബില്ലിൽ എന്തെങ്കിലും പ്രൊവിഷൻ ഉണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : പ്രവേശനത്തിന് അടിസ്ഥാനമായ പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിൽ വെയിറ്റേജും അതിനുമുകളിലുള്ള ഉപരി പരീക്ഷകൾക്ക് ബോണസ് മാർക്കും കൊടുക്കണമെന്നുള്ള ഒരു അഭിപ്രായമാണ് ആ കാര്യത്തിൽ എനിക്ക് പറയുവാനുള്ളത്. ഈ കാര്യത്തിൽ രണ്ട് പ്രശ്നങ്ങളാണ് ഇപ്പോൾ ചർച്ചയ്ക്ക് വിഷയമാക്കേണ്ടത്. ഇപ്പോൾ പ്രവേശന പരീക്ഷകളുടെ നടത്തിപ്പിലുള്ള ക്രമക്കേടും അഴിമതിയും. മറ്റൊന്ന് സംവരണതത്വം അട്ടിമറിച്ചുകൊണ്ട് പ്രവേശനത്തിൽ നടത്തുന്ന തിരിമറി. ഇപ്പോൾ നമ്മുടെ നിയമസഭയിൽത്തന്നെ വളരെയേറെ ചർച്ചചെയ്യപ്പെട്ടതാണ്. വിദ്യാഭ്യാസത്തിന്റെ ധനാഭ്യർത്ഥനയെക്കുറിച്ച് നടന്ന ചർച്ചകളിൽ രണ്ടുഭാഗത്തുമുള്ള അംഗങ്ങൾ ഈ പ്രശ്നം വളരെ ഗൗരവതരമായി ഉന്നയിക്കുകയുണ്ടായി. നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമസമിതി, ആ സമിതിക്ക് ലഭിച്ച പരാതികൾ പരിശോധിക്കുകയും ആ കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായ ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവേശന പരീക്ഷയിലെ അഴിമതിയിലേയ്ക്കാണ് ഞാൻ ആദ്യമായി വിരൽ ചൂണ്ടുന്നത്. പ്രീഡിഗ്രിയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനകോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകിയിരുന്നത്. ഈ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത പ്രീഡിഗ്രിയാണ്. മാർക്കുതട്ടിപ്പുകളും ഇവിടെ വളരെയേറെയുണ്ടായി. നമ്മുടെ വളരെ ഉന്നതശ്രേണികളിൽ എത്തിച്ചേർന്നവർ പലരും മാർക്കുതട്ടിപ്പിലൂടെ കടന്നുവന്നവരാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടിട്ടുണ്ട്. വരേണ്യ വർഗ്ഗത്തിൽപ്പെട്ടവർക്ക് ഇതിനുള്ള സാദ്ധ്യതകൾ വളരെ കൂടുതലാണ്. 1981-ൽ ഒരു സാധാരണ വിദ്യാർത്ഥി കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു റിട്ട് ഹർജിയാണ് മാർക്ക് തട്ടിപ്പ് വെളിച്ചത്തുകൊണ്ടുവരുന്നത്. പിന്നീട് കേസുകളുടെ ഒരു പരമ്പര തന്നെയുണ്ടായി. ഈ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക കോടതി നിലവിൽ വന്നു. 0+0+28= 428 എന്ന സമവാക്യം നമുക്ക് പരിചയപ്പെടുത്തിത്തന്നത് ഈ അന്വേഷണങ്ങളിൽ കൂടിയാണ്.

<u>ശ്രീ. എം. മുരളി</u> : അങ്ങ് പറഞ്ഞത് ശരിയാണ്, ഹൈക്കോടതി ഇടപെട്ടതിനെ തുടർന്ന്, ഹൈക്കോടതിയിൽ ഒരു ഒ.പി. വന്നതിനെ തുടർന്ന് കേരള സർവ്വകലാശാലയുടെ മാർക്ക് തട്ടിപ്പിന്റെ പരമ്പര പുറത്തുവരികയാണുണ്ടായത്. ഒരുപാട് പേര് കുടുങ്ങി, പ്രത്യേകം കോടതിയുണ്ടായി, അതിനെത്തുടർന്നാണ് എൻട്രൻസ് പരീക്ഷ നടത്തി പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകൾക്ക് അഡ്മിഷൻ എന്ന സമീപനം ഗവൺമെന്റ് സ്വീകരിച്ചത്. പക്ഷെ ഇന്ന് അങ്ങ് അഴിമതിയെക്കുറിച്ച് പറയാൻ പോകുന്നുയെന്നുള്ളതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് കൊണ്ടുവന്നതെന്നതുകൊണ്ട് പറയുകയാണ് എൻട്രൻസ് പരീക്ഷകളുടെ വാല്യൂവേഷനിൽ വ്യാപ

LIBRARY ARCHIVES Kerala Legislative Assembly

കമായ ക്രമക്കേട് നടക്കുന്നു. ഏതാനും വർഷങ്ങൾക്ക് മുൻപ് കൊല്ലത്തെ ഒരു സ്വകാര്യ കമ്പ്യൂട്ടർ ഏജൻസിയെയാണ് വാല്യൂവേഷൻ ഏൽപ്പിച്ചത്. ആ വർഷം വൻപിച്ച തോതിലുള്ള അഴിമതി നടക്കുകയുണ്ടായി. വാല്യൂവേഷനിൽ കമ്പ്യൂട്ടർ ഏജൻസികൾ നടത്തുന്ന കൃത്രിമം അതാണ് എൻട്രൻസ് എക്സാമിനേഷന് ആളുകൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരത്ത് കാശ് തന്നാൽ ഞങ്ങൾ ജയിപ്പിച്ച് തരാമെന്ന് പറയുന്ന എൻട്രൻസ് മാഫിയകളുണ്ട്. എൻട്രൻസ് ഡയറക്ടറേറ്റിലേയ്ക്ക് ഡെപ്യൂട്ടേഷനുവേണ്ടി ആളുകൾ ഓട്ടം നടത്തുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : ബഹുമാനപ്പെട്ട മുരളി പറഞ്ഞ കാര്യങ്ങളെല്ലാം എന്റെ ബില്ലിൽ ഉൾക്കൊണ്ടിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിലാണ് 1982-ൽ പ്രവേശന പരീക്ഷാ സമ്പ്രദായം നിലവിൽ വന്നത്. ആദ്യം മാനുവൽ വാല്യൂവേഷനായിരുന്നു. പിന്നീട് കമ്പ്യൂട്ടർ വാല്യുവേഷൻ സമ്പ്രദായം നിലവിൽ വന്നു. നിലവിലുള്ള സമ്പ്രദായമനുസരിച്ച് പരീക്ഷാർത്ഥി ഒരു അക്ഷരം പോലും ഉത്തര കടലാസിൽ എഴുതേണ്ടതില്ല. ഒബ്ജക്ടീവ് മാതൃകയിലുള്ള ചോദ്യത്തിനുനേരെ നാല് ബബിളുകളിൽ ഏതെങ്കിലും ഒരെണ്ണം ശരിയായ ഉത്തരത്തെ പ്രതിനിധീകരിക്കുന്നതായിരിക്കും. ഒരു ബബിളിൽ പെൻസിൽ ഉപയോഗിച്ച് കറുപ്പിക്കുക മാത്രമാണ് ഇതിൽ ചെയ്യേണ്ടത്. തെറ്റായി കറുപ്പിച്ചാൽ റബ്ബർ കൊണ്ട് മായ്ച്ച് മറ്റൊരു ബബിൾ കറുപ്പിക്കാനുള്ള സ്വാതന്ത്ര്യവും വിദ്യാർത്ഥികൾക്കുണ്ട്. ഈ ഉത്തരക്കടലാസ്സുകളാണ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ, കമ്പ്യൂട്ടർ പ്രോഗ്രാമറുടെ മുമ്പിൽ എത്തുന്നത്. ഈ ഉത്തര കടലാസിൽ വിദ്യാർത്ഥിയുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് ഒരു വിദ്യാർത്ഥിയോട് പ്രത്യേകമായ താല്പര്യമോ, വിരോധമോ ഉണ്ടെങ്കിൽ ആ ഉത്തരക്കടലാസിൽ തിരിമറി നടത്താൻ കഴിയുന്നു. നമ്മുടെ കമ്പ്യൂട്ടർ പ്രോഗ്രാമർ ഹരിശ്ചന്ദ്രനായിരിക്കണമെന്നില്ല. അവിടെ ആരാണ് മൂല്യനിർണ്ണയം നടത്തുന്നത് എന്ന് മുൻകൂട്ടി അറിയാൻ കഴിയുന്നത് ഏത് പരീക്ഷയുടേയും ഗുണനിലവാരം തകരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉത്തരക്കടലാസിൽ പരീക്ഷാർത്ഥിയുടെ കയ്യക്ഷരം ഇല്ലാത്തപ്പോൾ എന്ത് കൃത്രിമവും നടത്താൻ കഴിയും. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള മൂല്യനിർണ്ണയം പോലും ഈ പരീക്ഷക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കണം, ഈ സംവിധാനം ആരംഭിച്ച നാൾ മുതൽ ലെവൻ എന്ന കമ്പ്യൂട്ടർ പ്രോഗ്രാമർ ആണ് സ്ഥിരമായി ഈ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു മാറ്റവും ഇല്ല. ടെക്നിക്കൽ എഡ്യൂക്കേഷനിൽ വന്ന ഇദ്ദേഹത്തിന് നാല് തവണ ഡെപ്യൂട്ടേഷൻ നീട്ടിക്കൊടുക്കുകയും ഇപ്പോൾ ഒരു പുതിയ തസ്തിക സൃഷ്ടിച്ച് അനർഹമായി പ്രമോഷൻ നൽകിയിരിക്കുകയുമാണ്. ഞാൻ എന്റെ ബിൽ വിശദീകരിക്കുകയാണ്. ലെവന്റെ ബന്ധുവിന് 371-ാം റാങ്കു കഴിഞ്ഞ വർഷം കിട്ടി. ഈ കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. പരീക്ഷാ കൺട്രോളർക്ക് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ സാമാന്യ വിജ്ഞാനം വേണമെന്നുണ്ട്, നിർബന്ധമുണ്ട്. അങ്ങനെ ഒരാളല്ലാത്ത കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് അഴിമതി നടത്താൻ സ്വാഭാവികമായും കൂടുതൽ സൗകര്യം കിട്ടും. ലെവന് കമ്പ്യൂട്ടർ ശാസ്ത്രത്തിൽ ഉയർന്ന ബിരുദം ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പരീക്ഷാർത്ഥി ആരാണെന്ന് അറിയുവാൻ കഴിയുക, മൂല്യനിർണ്ണയം നടത്തുന്ന ആൾ ആരാണെന്ന് അറിയുവാൻ പരീക്ഷാർത്ഥിക്ക് കഴിയുക, അഴിമതി നടത്താൻ ഇതിൽ കൂടുതൽ എന്ത് സാഹചര്യം വേണം. ഒരു പ്രാഥമിക സഹകരണസംഘ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ എഴുത്ത് പരീക്ഷയുടെ അച്ചടക്കം പോലും ഇവിടെ പാലിക്കുന്നില്ല. ഒരു മാഫിയാസംഘം പ്രവേശന പരീക്ഷയിൽ അഴിമതി നടത്തുന്നുവെന്ന് ഞാൻ ആരോപിക്കുകയാണ്. ഇതിൽ ആരൊക്കെയുണ്ടെന്നും ഞാൻ പറയുന്നില്ല. അതൊക്കെ മന്ത്രി അന്വേഷിക്കും. ഞാൻ ഈ ബില്ലിന് അവതരണാനുമതി തേടിക്കൊണ്ട് പ്രവേശന പരീക്ഷയിൽ അഴിമതിയുണ്ടെന്ന് പറഞ്ഞപ്പോൾ അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒരു കുറ്റവും ഇവിടെ ഇല്ലെന്നാണ്. ഞാൻ ചോദിക്കുന്നു പിന്നെ എന്തിനാണ് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിങ്ങൾ വച്ചത്?

[12 Noon] ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ചെയർമാനായും പരീക്ഷാ കൺട്രോളർ കൺവീനറായും ഡി.എം.ഇ.യും ഡി.റ്റി.ഇ.യും കാർഷിക സർവ്വകലാശാലായിലെ വൈസ് ചാൻസിറും അടങ്ങുന്നതാണ് ഈ മോണിറ്ററിംഗ് കമ്മിറ്റി. ഈ വർഷത്തെ റിസൾട്ട് വന്നിരിക്കുകയാണ്. ഈ കമ്മിറ്റി ഫലപ്രദമായി കൂടിയിട്ടില്ലായെന്നും കമ്മിറ്റി രൂപീകരിക്കാൻ വേണ്ടി മാത്രമേ കൂടിയിട്ടുള്ളുവെന്നുമുള്ള ആരോപണം നിലനിൽക്കുകയാണ്. ആ കാര്യങ്ങളൊക്കെ പരിശോധിക്കണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഞാൻ ഹ്രസ്വമായി പറയുകയാണ്. പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ടുവരുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. മുൻകാലങ്ങളിൽ കമ്മ്യൂണിറ്റി ലിസ്റ്റ്, ടെറിറ്റോറിയൽ ലിസ്റ്റ്, കോഴ്സുകളുടെ ലിസ്റ്റ്, ആ തരത്തിലാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അങ്ങനെ പ്രസിദ്ധീകരിക്കുന്നില്ല. കഴിഞ്ഞ വർഷം എന്താണ് ഉണ്ടായത്? അനർഹരായിട്ടുള്ള 29 ആളുകൾക്ക് പ്രവേശനം കൊടുത്തതിനെ സംബന്ധിച്ച് പത്രങ്ങളിലെല്ലാം വന്നതാണ്. പിന്നോക്കസമുദായ ക്ഷേമസമിതി വളരെ ഗൗരവമായിട്ട് എടുത്ത പ്രശ്നമാണ്. മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടാൻ അർഹതയുള്ള സംവരണ വിഭാഗത്തിൽപ്പെട്ട ആളുകളെ സംവരണ കാറ്റഗറിയിലേയ്ക്ക് തട്ടിമാറ്റിക്കൊണ്ട് യഥാർത്ഥത്തിൽ സംവരണത്തിലൂടെ പ്രവേശനം ലഭിക്കാൻ അർഹതയുള്ളവരെ ഒഴിവാക്കിയ ക്രൂരമായ നടപടി ഇവിടെ ഉണ്ടായിട്ടുണ്ട്. അതിനെ സംബന്ധിച്ച് പിന്നോക്ക ക്ഷേമ സമുദായ സമിതി ഉൾപ്പെടെ ഗൗരവമായി ചർച്ച നടത്തിയിട്ടുള്ളതാണ്. അനർഹരായ 29 പേർക്കാണ് അഡ്മിഷൻ കിട്ടിയത്. മറ്റുള്ളവർ കോടതിയിൽ പോയി. അവസാനം ആൾ ഇൻഡ്യാ കാറ്റഗറിയിൽപ്പെടുത്തി അഡ്മിഷൻ കൊടുത്തു എന്നാണ് മനസ്സിലാക്കുന്നത്. എന്നിട്ടും ഏഴ് ആളെ ഉൾക്കൊള്ളാൻ കഴിയാതെ വന്നപ്പോൾ കോളേജിൽ സീറ്റ് കൂട്ടിക്കൊടുത്തു. അങ്ങനെ ആ 29 ആളുകളെയും ഉൾപ്പെടുത്തിയപ്പോൾ അതിൽ സംവരണം നിലനിർത്തിയിട്ടുണ്ടോ? അവിടെയും സംവരണം അർഹതയുള്ള സമുദായങ്ങൾക്ക് അവകാശപ്പെട്ടതാണ്. അവിടെയും സംവരണം നിലനിർത്താൻ കഴിഞ്ഞിട്ടില്ല. വളരെ ഗൗരവമായ പ്രശ്നമാണ്. ഈ സംവരണത്തെ അട്ടിമറിച്ചുകൊണ്ട് വകുപ്പുമേധാവികളെപ്പോലും നോക്കുകുത്തികളാക്കി മാറ്റിക്കൊണ്ട് ഒരു പരീക്ഷാ കൺട്രോളറും ഒരു പ്രോഗ്രാമറും അവർ പിന്താങ്ങുന്ന ചില ആളുകളുംകൂടി ഈ സംസ്ഥാനത്തെ കുരുതിക്കളമാക്കി മാറ്റുകയാണ്. എന്നുള്ള സത്യാവസ്ഥ അധികാരത്തിലിരിക്കുന്ന ആളുകൾ മനസ്സിലാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഈ ഗൗരവമായ പ്രശ്നം ഈ സഭയും ബഹുമാനപ്പെട്ട മന്ത്രിയും ഉൾക്കൊള്ളണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ ഇന്ന് പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ഡേയാണ്. സാധാരണഗതിയിൽ ഒരു മെമ്പർ ഒരു സ്വകാര്യ പ്രമേയം അവതരിപ്പിക്കുമ്പോൾ മന്ത്രി മറുപടി പറയും. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ബില്ലുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കുകയാണ്. എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് ഒരു മാഫിയാസംഘം പ്രവർത്തിക്കുന്നുവെന്നും അതിന്റെ പേരിൽ യഥാർത്ഥത്തിൽ എൻട്രൻസ് പ്രവേശനം ലഭിക്കേണ്ട കുട്ടികൾക്ക് ലഭിക്കാതെയിരിക്കുന്നുവെന്നും അതുമായി ബന്ധപ്പെട്ട ഭീകരമായ ചിത്രം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. മന്ത്രി മറുപടി പറഞ്ഞോട്ടെ. അതോടൊപ്പംതന്നെ ഈ സഭയിലെ ഒരംഗം ഈ നിയമസഭയിൽ വളരെ ഗുരുതരമായി അവതരിപ്പിച്ച ഈ കാര്യത്തെക്കുറിച്ച് അന്വേഷണം നടത്താൻകൂടി ഗവൺമെന്റ് തയാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, എൻട്രൻസ് പരീക്ഷ എങ്ങനെ ആരംഭിച്ചുവെന്നുള്ള കാര്യം ഇവിടെ പറയുകയുണ്ടായി. 1980-കളിൽ യൂണിവേഴ്സിറ്റിയിൽ ഉണ്ടായ മാർക്ക് തട്ടിപ്പുകേസ്സിനെ തുടർന്നാണ് ക്വാളിഫൈയിംഗ് എക്സാമിനേഷന് കിട്ടുന്ന മാർക്കുമാത്രം ആധാരമാകരുത്, കുട്ടികളുടെ മെറിറ്റ് മറ്റ് രീതിയിൽ തെളിയിക്കാനുള്ള ഒരു എൻട്രൻസ് പരീക്ഷ നടത്തണമെന്നുള്ള തീരുമാനമെടുത്തത്. അന്നുമുതൽ ഈ സിസ്റ്റം ഇവിടെ നിലനിൽക്കുകയാണ്. കാലാകാലങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ക്വാളിഫൈയിംഗ് എക്സാമിനേഷന് ഒരു പ്രാധാന്യവും ഇല്ലാതെ 50% മാർക്ക് വാങ്ങിയാൽ ക്വാളിഫൈഡ് ആയി. ഈ നില ആശാവഹമല്ല. ക്വാളിഫൈയിംഗ് എക്സാമിനേഷന് ഒരു വെയ്റ്റേജ് കൊടുക്കണമെന്നുള്ള അഭിപ്രായം വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നുവരികയുണ്ടായി. കഴിഞ്ഞ ദിവസം ആ കാര്യത്തിൽ ഒരു സമീപനം ഞാൻ പറയുകയുണ്ടായി. അത് തീർച്ചയായും ന്യായമായി പരിഹരിക്കേണ്ട ഒരു കാര്യമാണ്. പക്ഷേ അന്ന് പ്രായോഗികമായ ഒരു പ്രശ്നമുണ്ടായിരുന്നത്, വിവിധ യൂണിവേഴ്സിറ്റികൾ നൽകുന്ന മാർക്കുകൾ തമ്മിൽ അന്തരമുണ്ട്. കേരളത്തിലാണെങ്കിൽ പ്രീഡിഗ്രിക്ക് പല യൂണിവേഴ്സിറ്റികളുണ്ട്. ഒരൊറ്റ ഏജൻസിയാണ് പരീക്ഷ നടത്തുന്നതെങ്കിൽ അത്തരം അന്തരം ഉണ്ടാവുകയില്ല. പ്രീഡിഗ്രി ഡീലിങ് ചെയ്യുന്നതോടുകൂടി പരിപൂർണ്ണമായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ കീഴിൽ ഒറ്റ പരീക്ഷ ആണെങ്കിൽ അതിൽ കിട്ടുന്ന ക്വാളിഫൈയിംഗ് എക്സാമിനേഷന് വലിയ അന്തരം ഉണ്ടാവുകയില്ല. ഇനിയിപ്പോൾ ഇതിനെപ്പറ്റി ചില മാറ്റങ്ങൾ വരുന്നതിനെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ഒരു സിസ്റ്റം, കുറച്ചു നാൾ കഴിയുമ്പോൾ അതിനെപ്പറ്റി ആക്ഷേപങ്ങൾ ഉണ്ടായാൽ അത് സുതാര്യമാക്കാൻ വേണ്ടി വിദഗ്ദ്ധരായിട്ടുള്ള ആളുകൾ ആവശ്യമായ പരിശോധന നടത്തി, ഒരു സംശയത്തിനും ഇട നൽകാത്തവിധത്തിൽ ഒരു സംവിധാനമുണ്ടാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നുവെന്ന് ഞാൻ ഈ സഭയിൽ പറയുകയുണ്ടായി. അതിനെ സംബന്ധിച്ച് ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. ഇന്ന് ഈ സിസ്റ്റം മാറണമെന്നുള്ള ഒരു അഭിപ്രായം, അല്ലെങ്കിൽ പൊതുജനങ്ങൾക്ക് ആർക്കെങ്കിലും ഒരു സംശയമുണ്ടായാൽ തീർച്ചയായും അത് ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിന് ഉണ്ട്. ആ സമീപനം തന്നെയാണ് ഇതിൽ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇൻഡ്യയിൽത്തന്നെ ഉന്നതമായ നിലയിൽ നടത്തുന്ന എൻട്രൻസ് പരീക്ഷകളുണ്ട്. ഐ.ഐ.റ്റി. തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഇത് കുറ്റമറ്റതാ

ക്കാൻവേണ്ടി വെയ്റ്റേജ് കൊടുക്കുന്ന കാര്യം, അതിന് ഒരു കൊല്ലം താമസം ഉണ്ടാകണമെന്നില്ല. അടുത്ത വർഷംതന്നെ അതിനെ സംബന്ധിച്ച് ഒരു മാറ്റം വരുത്തുന്നതിനെ സംബന്ധിച്ചുള്ള ഗൗരവമായ ആലോചന തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇതിനെ സംബന്ധിച്ച പശ്ചാത്തലം പറയുകയുണ്ടായി. ഭാവിയിലേയ്ക്കുള്ള കാര്യത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. തീർച്ചയായും നല്ല കാര്യമാണ്. ഭാവിയിൽ ഇത് പെർഫെക്ട് ആക്കേണ്ടതിനെ സംബന്ധിച്ച് ഒരു നീക്കം നടത്തേണ്ടത് ആവശ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട പി.പി. സുലൈമാൻ റാവുത്തർ പറഞ്ഞത്, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന, നടന്നുകഴിഞ്ഞ പരീക്ഷയിൽ ഗുരുതരമായ ക്രമക്കേടുകളും കൃത്രിമങ്ങളും നടന്നു എന്നുള്ള കാര്യമാണ്. അത് വളരെ ഗൗരവമുള്ള കാര്യമാണ്. സാധാരണ ബിൽ ചർച്ചയിൽ ഇങ്ങനെ വരിക അസ്വാഭാവികമാണ്. പക്ഷെ അങ്ങനെ വന്നു, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയുണ്ടായി. സഭയുടെ രേഖയിലും വന്നുകഴിഞ്ഞു. ഇത്തരം ഗുരുതരമായ ആക്ഷേപം ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ ഉന്നയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുക. കുറ്റക്കാരാരായാലും ഇതിൽ ഉൾപ്പെടട്ടെ. ഒരു വ്യക്തിയുടെ പേര് ഇവിടെ പറഞ്ഞു. ഇതിന്റെ കോക്കസ് എങ്ങനെയാണെന്ന് പറയുകയുണ്ടായി. ആ സാഹചര്യത്തിൽ നടന്ന സംഭവത്തെക്കുറിച്ച്, ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് ജനങ്ങളെയും സഭയെയും ബോദ്ധ്യപ്പെടുത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. പി.ജെ. ജോസഫ് : ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞതിനു മുൻപിലത്തെ വർഷം തന്നെ ഹൈക്കോടതിയിൽ 20 ഉം 25 ഉം കേസുകളാണ് വന്നിട്ടുള്ളത്. ചില കേസുകളിൽ ആൻസർഷീറ്റ് തന്നെ ഹൈക്കോടതിയിൽ വരുത്തി. ആ കേസുകൾ ഓരോന്നും പരിശോധിച്ചശേഷം ഹൈക്കോടതി വിധിയെഴുതി യാതൊരു കൃത്രിമവും നടന്നിട്ടില്ലയെന്ന്. ഗവൺമെന്റ് പറയുന്നതല്ല. ഹൈക്കോടതിയിൽ ഇൻഡിവിഡ്യുവൽസ് പോയ കേസുകൾ മുഴുവനും പരിശോധിച്ചു. അങ്ങനെയൊരു കൃത്രിമം നടക്കുന്നുവെന്ന് യാതൊരു ബോധ്യവും ഈ ഗവൺമെന്റിനില്ല. (ബഹളം)

മി. സ്പീക്കർ : അത് ബില്ലിന്റെ പരിധിയിൽ വരുന്നതല്ല. ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടല്ല ശ്രീ. പി.പി. സുലൈമാൻ റാവുത്തർ ചില കാര്യങ്ങൾ പറഞ്ഞത്. അങ്ങനെ ഒരു ചർച്ചയെ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ശരിയല്ല. അത് മറ്റൊരു സന്ദർഭത്തിലാകാം.

ശ്രീ. പി.ജെ. ജോസഫ് : ബഹുമാനപ്പെട്ട റാവുത്തർ തന്നെ ചോദിച്ചു എന്തുകൊണ്ട് ചില ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി. ഈ ആൻസർഷീറ്റ് എടുത്ത് കമ്പ്യൂട്ടറിലേക്ക് ഫീഡ് ചെയ്യുന്നതിനു മുൻപായി പെൻസിൽ വച്ച് എഴുതിയത് മായിച്ച് ഇത് തിരുത്താനുള്ള അവസരം ഉണ്ട് എന്നുള്ള അഭിപ്രായങ്ങൾ വന്നു. ആ സമയത്ത് അങ്ങനെയൊരു അവസരം ഉണ്ടാകാതിരിക്കാൻ ഇത്തരത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെ അതിന്റെ നിരീക്ഷകരായിട്ട് വച്ചു. എല്ലാവരും കുഴപ്പക്കാരാണെന്ന ധാരണയിൽ, അങ്ങനെയാണെങ്കിൽ ഏത് എക്സാമിനറെപ്പറ്റിയും പറയാമല്ലോ. ആരെ വിശ്വസിച്ച് ഏൽപ്പിക്കാൻ പറ്റും? നിങ്ങൾ ഏൽപ്പിക്കുന്ന ആളുകൾ അതെടുത്ത് തിരുത്തുമെന്നുള്ള നിഗമനത്തിൽ അങ്ങനെ പോകാൻ കഴിയുമോ? അങ്ങനെ ഏൽപ്പിക്കുന്ന ആളുകൾ മുഴുവനും അവിശ്വസ്തരാണ്, കുഴപ്പക്കാരാണ് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിഗമനത്തിൽ സംസ്ഥാനത്തിന് ഒരു കാര്യം ചെയ്യാൻ കഴിയുമോ? അവിടെ അങ്ങനെയുള്ള ഒരു പ്രശ്നവും ഉണ്ടാകാൻ പാടില്ല എന്നതു തന്നെയാണ്. ഈ വർഷം തന്നെയാണ് ആ ഏർപ്പാട് ഉണ്ടാക്കിയത്, അങ്ങനെ ഐ.എ.എ സ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കുഴപ്പം കാണിച്ചു എന്ന ഒരു അഭി പ്രായം ഉണ്ടോ? അത് സുതാര്യമാക്കാൻ വേണ്ടി നമ്മൾ അതിനെ ഉന്നതൻമാ രായ ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : കൊച്ചിൻ യൂണിവേഴ്സിറ്റി റാങ്ക് ലിസ്റ്റിൽ ബി.ടെക്. എന്താണ് കാൻസൽ ചെയ്തത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അങ്ങനെയുള്ള പിശകുകൾ ഉണ്ടെങ്കിൽ തിരു ത്തേണ്ടതാണ്. അത് ഈ സിസ്റ്റത്തിന്റെ ഭാഗമാണ്. ഇവിടെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ പേപ്പർ എടുത്ത് തിരുത്തിയ ഒരു വിഷയം ഉന്നയിച്ചതുകൊ ണ്ടാണ്..... ബഹളം .....

<u>മി.സ്പീക്കർ</u> : അങ്ങനെ ഒരു കാര്യവും ഇപ്പോൾ ചർച്ച അനുവദിക്കു ന്നതല്ല. അത് മറ്റൊരു സന്ദർഭത്തിലാകാം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ കാര്യത്തിൽ ഇത് സുതാര്യമാക്കണം എന്നുള്ളതുകൊണ്ട് തന്നെയാണ് ഒരു പുനഃപരിശോധനയ്ക്കു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാനും ഇൻഡ്യയിലെ ഏറ്റവും ഉന്നതമായ എൻട്രൻസ് സിസ്റ്റം പുനഃപരിശോധിക്കാനും ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അല്ലാതെ ഒരു കുഴപ്പം നടത്തണമെന്നതല്ല. കുഴപ്പം ഉണ്ടെന്ന് എസ്റ്റാബ്ളിഷ് ചെയ്യാതെ ..... ബഹളം.....

<u>മി. സ്പീക്കർ</u> : അതൊന്നും ഇപ്പോൾ പറയണ്ട. ഈ ബില്ലിനെപ്പറ്റി പറ ഞ്ഞാൽ മതി.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സുപ്രീംകോടതിയുടെ ഒരു ഓർഡറിന്റെ അടിസ്ഥാനത്തിലാണ്. ആ കാര്യങ്ങളിൽ കഴിഞ്ഞ വർഷം ചില മാറ്റങ്ങൾ വരുത്തേണ്ടതായിരുന്നു. ആ മാറ്റങ്ങളിൽ വന്ന ചില ഇന്റർപ്രട്ടേഷൻസ് ആണ്. എൻട്രൻസുമായി ബന്ധപ്പെട്ട് പറഞ്ഞത് ശരിയല്ല. മിസ്റ്റേക്സ് തിരുത്തി. അതിൽ ഒരു കുഴപ്പവും ഇല്ലാത്ത രീതിയിൽ അത് പരിഹരിക്കുകയും ചെയ്തു. ഇവിടത്തെ സംവരണതത്വം പരിപൂർണ്ണമായി പാലിച്ചുകൊണ്ട് ആർക്കും ഒരു സീറ്റു പോലും നഷ്ടപ്പെടുത്താതെ അർഹരായവർക്ക് കിട്ടത്ത ക്കവണ്ണമുള്ള ക്രമീകരണം തന്നെയാണ് ചെയ്തിട്ടുള്ളത്. അഡ്മിഷൻ സമ യത്ത് ഈ പറഞ്ഞ എല്ലാ വകുപ്പു മേധാവികളെയും ഉൾപ്പെടുത്തിയ്ക്കൊ ണ്ടുള്ള ഒരു അഡ്മിഷൻ കമ്മിറ്റിയേയും ഇത്തവണ ഏർപ്പാടാക്കിയിട്ടുണ്ട്. എന്തിനാണെന്ന് ചോദിച്ചാൽ സംശയം ദൂരീകരിക്കാൻ തന്നെയാണ്. ഇത്ത വണ അത്തരത്തിൽ അഡ്മിഷൻ നടത്തുകയും അടുത്തവർഷം മുതൽ അതി നെസംബന്ധിച്ച് വളരെ വിദഗ്ദ്ധമായ ഒരു സമിതി പരിശോധിച്ച് വേണ്ട ക്രമീ കരണങ്ങൾ ചെയ്യാൻ തീരുമാനിക്കുകയും ചെയ്യണം എന്ന സമീപനത്തോട് ഗവൺമെന്റ് യോജിക്കുന്നു. അതിന്റെ ഉള്ളടക്കത്തോട് നമുക്ക് യോജിക്കാതി രിക്കാൻ നിവൃത്തിയില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : ഞാൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ഉൾക്കൊണ്ടുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് പറഞ്ഞതു കൊണ്ട് ഞാൻ പ്രസ് ചെയ്യുന്നില്ല. പ്രമേയം പിൻവലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : സർ, പ്രമേയം പിൻവലിക്കുന്നതിനെതിരെ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച പ്രമേയം പിൻവലിക്കണമെന്നപ്രശ്നത്തെ

അനുകൂലിക്കുന്നവർ .. ..

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 28

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ.ആർ ബാലൻ
3. ശ്രീ. സി.പി. ബാലൻ വൈദ്യർ
4. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
5. ശ്രീ. പി.ജെ. ജോസഫ്
6. ശ്രീ. എ. കണാരൻ
7. ശ്രീ. എൻ. കണ്ണൻ
8. ശ്രീ. എളമരം കരീം
9. ശ്രീ. കൃഷ്ണൻ കണ്ണിയാംപറമ്പിൽ
10. ശ്രീ. ഇ.കെ. നായനാർ
11. ശ്രീ. സി.എ. കുര്യൻ
12. ശ്രീ. ലോനപ്പൻ നമ്പാടൻ
13. ശ്രീ. പിരപ്പൻകോട് മുരളി
14. ശ്രീ. പി. നാരായണൻ
15. ശ്രീ. കെ. പ്രകാശ് ബാബു
16. ശ്രീമതി എൻ.കെ. രാധ
17. ശ്രീ. കെ. രാധാകൃഷ്ണൻ
18. ശ്രീ. സി.കെ. രാജേന്ദ്രൻ
19. ശ്രീ. കെ.പി. രാജേന്ദ്രൻ
20. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
21. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
22. ശ്രീ. യു.എസ്. ശശി
23. ശ്രീ. സെബാസ്റ്റ്യൻ പോൾ
24. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
25. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
26. ശ്രീ. പി.എസ്. സുപാൽ
27. ശ്രീ. വർഗ്ഗീസ് വൈദ്യർ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 13

1. ശ്രീ. സി.ടി. അഹമ്മദ് അലി
2. ശ്രീ. ഇ.എം. അഗസ്തി
3. ശ്രീ. കെ.എ. ചന്ദ്രൻ
4. ശ്രീ. ഇസ്ഹാക് കുരിക്കൾ
5. ശ്രീ. ടി.എം. ജേക്കബ്
6. ശ്രീ. ജി. കാർത്തികേയൻ
7. ശ്രീ. എ.കെ. മണി
8. ശ്രീ. സി. മോയിൻകുട്ടി
9. ശ്രീ. എം. മുരളി
10. ശ്രീ. പാലോട് രവി
11. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
12. ശ്രീമതി ശോഭനാ ജോർജ്
13. ശ്രീ. സി.എഫ്. തോമസ്

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	-	28
പ്രതികൂലിക്കുന്നവർ	-	13
നിഷ്പക്ഷതപാലിക്കുന്നവർ	-	ആരുമില്ല

പ്രമേയം പിൻവലിച്ചിരിക്കുന്നു.

ഇത്ര സജീവമായ ഒരു പ്രമേയം ഈ സഭയിൽ ഈ അടുത്ത കാല ത്തെങ്ങും നടന്നിട്ടില്ല. അതിൽ ഉണ്ടായ വികാരം എന്താണെന്ന് മനസ്സി ലാക്കിക്കൊണ്ട് അത് ഉൾക്കൊള്ളാൻ സർക്കാർ തയ്യാറാകണം.

(2) ദി കേരള പബ്ലിക് സർവ്വീസസ് (അമെന്റ്മെന്റ്) ബിൽ, 1998†

(ശ്രീ. ടി.എസ്.ജോൺ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ പ്രസ്തുത ബിൽ ചർച്ചയ്ക്ക് എടുത്തില്ല)

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly